"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം-തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്ത് ഓഫീസ് അറ്റൻഡന്റായ ശ്രീമതി ദീപ വിജയന് കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.871/2025/LSGD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-

1. സർക്കുലർ നം. 36/94/ധന, തീയതി 14.06.1994.
2. പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.07.2022 ലെ SC 3-5627/2022 നടപടിക്രമം.
3. പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.10.2022 ലെ SC 3-400/229/HRLR1Q/GPO/2022/2459/ നടപടിക്രമം.
4. ശ്രീമതി. ദീപ വിജയൻ ന്റെ 06.09.2024ലെ അവധി അപേക്ഷ.
5. പഞ്ചായത്ത് ഡയറക്ടറുടെ 26.11.2022 ലെ PAN/17708/2022-E10(DP) നമ്പർ കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2023, 20.11.2024ലെ LSGD/PD/804/2023-DEF2 നമ്പർ കത്ത്.
7. 23.05.2024 ലെ രണ്ടാം വൈദ്യ പരിശോധനാ റിപ്പോർട്ട്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ 07.03.2018 ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി ദീപ വിജയന് ചികിത്സാവശ്യത്തിനായി 12/07/2022 തീയതി മുതൽ 23.06.2024 വരെ, മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം അവധി അനുവദിക്കുന്നതിനായി പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (6) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് പരാമർശം (1) സർക്കുലർ വ്യവസ്ഥ ചെയ്തിരിക്കുന്ന സമയ പരിധിയ്ക്കകം ലഭ്യമാക്കാത്തതിനാലും ആയത് ടിയാൾ ജോലിയിൽ പ്രവേശിക്കുന്നതിന്

മെഡിക്കലി ഫിറ്റ് ആണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിലും, 12/07/2022 മുതൽ 23/06/2024 വരെയുള്ള കാലയളവിൽ ടിയാളുടെ രോഗത്തിന്റെ വിശ്വാസ്യത ഉറപ്പിക്കാനാവാത്തതിനാൽ അപേക്ഷകയ്ക്ക് പ്രസ്തുത കാലയളവിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം നൽകാൻ നിർവ്വാഹമില്ലാത്തതാണെങ്കിലും 12/07/2022 മുതൽ 04/10/2022 വരെയുള്ള കാലയളവിലേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അനുവദിച്ച് നിയമന/ നിയന്ത്രണ അധികാരി ഉത്തരവായിരിക്കുന്നത് കണക്കിലെടുത്ത് കൊണ്ട് തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി ദീപ വിജയന് 12/07/2022 മുതൽ 04/10/2022 വരെ, ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും; 05/10/2022 മുതൽ 23/06/2024 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം I, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടഫിക്കറ്റിന്മേലല്ലാതെയും ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി, പൂവച്ചൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീമതി. ദീപ വിജയൻ, ഓഫീസ് അറ്റൻഡന്റ്, പൂവച്ചൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ധന വകുപ്പ് (04.02.2025ലെ ധെവ-1/222/2022/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(179/ഇപിഎ2/2022/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 20-03-2025 17:31:08
സെക്ഷൻ ഓഫീസർ